# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2204 17.02.2016 ൽ മറുപടിയ്ക്ക്

## ചെറുകിട ധാതുസമ്പത്ത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എ.എം. ആരിഫ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി) |
| (എ) | കേരളത്തിലെ ചെറുകിട ധാതുസമ്പത്ത് സംരക്ഷിക്കുന്നതിനും അവയുടെ കടത്തും ഖനനവും നിയന്ത്രിക്കുന്നതിനുമായി കേരള നിയമസഭ പാസാക്കിയ നിയമങ്ങൾ എന്തൊക്കെയാണ്; | (എ) | 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ, 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ. |
| (ബി) | കേരളത്തിൽ കണ്ടുവരുന്ന വൻകിട ധാതുക്കളിൽ ഏതൊക്കെയാണ് കേന്ദ്ര സർക്കാർ ചെറുകിട ധാതുക്കളായി പ്രഖ്യാപിച്ചിട്ടുള്ളത്; | (ബി) | ചൈനാക്ലേ, ലാറ്ററൈറ്റ്, ക്വാർട്സ്, സിലിക്കാ മണൽ എന്നിവയെ കേന്ദ്ര സർക്കാർ ചെറുകിട ധാതുക്കളായി പ്രഖ്യാപിച്ചിട്ടുണ്ട്. തദനുസരണമുള്ള ചട്ടഭേദഗതി, സംസ്ഥാന സർക്കാർ തയ്യാറാക്കി വരുന്നു. |
| (സി) | അവയുടെ ഖനനവും കടത്തും നിയന്ത്രിക്കുന്നതിന് വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ചെറുകിട ധാതുക്കളായി അംഗീകരിച്ചതിനു ശേഷം അവയ്ക്ക് ഖനനാനുമതി നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (സി) | ഈ ധാതുക്കളെ കൂടി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ ധാതുക്കളെ ചെറുകിട ധാതുക്കളായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതിനുശേഷം ടി ധാതുക്കൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ല. 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയതിനു ശേഷം മാത്രമേ ടി ധാതുക്കൾക്ക് ടി ചട്ടപ്രകാരം ഖനനാനുമതി നൽകുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ